# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6286 — 03.04.2018-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗത്തിന് പ്രത്യേക റിക്രൂട്ട്മെന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആദിവാസി വിഭാഗത്തിന്റെയും, പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ടവരുടെയും ശാക്തീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | എ) | ആദിവാസി വിഭാഗത്തിന്റെയും, പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ടവരുടെയും ശാക്തീകരണത്തിനായി സ്വീകരിച്ച് വരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായി പ്രത്യേക റിക്രൂട്ട്മെന്റ് പി.എസ്.സി. വഴി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) യും സി) യും | 1958-ലെ KS&SSR ചട്ടം 14(a) പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനായി അനുവദിച്ച 10% പ്രാതിനിധ്യം ഉറപ്പാക്കുവാനായി വാർഷിക അവലോകനം നടത്തുകയും നിശ്ചിത ശതമാനത്തിൽ കുറവ് വരുന്നു എന്നു കാണുന്ന പക്ഷം പ്രാതിനിധ്യം ഉറപ്പാക്കുവാനായി തസ്തികകൾ റിസർവ്വ് ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പുകൾ ഒഴിവുകൾ എഴുതി അറിയിക്കുകയും തുടർന്ന് പ്രത്യേക നിയമനം നടത്തി ഒഴിവുകൾ നികത്തുകയും ചെയ്തുവരുന്നു.<br>വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ വനാതിർത്തിയിലും വനാന്തർഭാഗത്തും നിവസിക്കുന്ന പണിയാൻ, അടിയാൻ, കാട്ടുനായ്ക്കൻ വിഭാഗങ്ങളിലെയും പാലക്കാട് ജില്ലയിലെ കുറുമൻ വിഭാഗത്തിലും പെട്ട യുവാക്കൾക്ക് മുൻഗണന നൽകിക്കൊണ്ടും മറ്റ് ആദിവാസി വിഭാഗങ്ങളെയും ഉൾപ്പെടുത്തിയും പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ/വനിതാ സിവിൽ പോലീസ് ഓഫീസർ എന്നീ തസ്തികകളിലേയ്ക്കും, വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളുടെ വനാന്തർഭാഗത്തും വനാതിർത്തിയിലും നിവസിക്കുന്ന പണിയാൻ, അടിയാൻ, കാട്ടുനായ്ക്കൻ, പാലക്കാട് ജില്ലയിലെ കുറുമൻ എന്നീ ആദിവാസി വിഭാഗങ്ങളിൽ നിന്നു മാത്രമായി എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേയ്ക്കും നിയമനം നടത്തുന്നതിനായി റാങ്ക് പട്ടിക 21.03.2018-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| സി) | ഏതൊക്കെ മേഖലകളിലാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; | | |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത വിഭാഗത്തെ നിയമിക്കുമ്പോൾ ആദിവാസി മേഖലകളിൽ അവരുടെ സേവനം ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | |
|---|---|
| പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികൾ | |
| ക്രമ നം. | പദ്ധതികൾ |
| എ) | സംസ്ഥാന പദ്ധതികൾ |
| 1 | വിദ്യാർത്ഥികൾക്ക് പ്രോൽസാഹനവും സഹായവും |
| | (1) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം. |
| | (2) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി. |
| | (3) സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം |
| | (4) അനാഥരായ കുട്ടികൾക്കുള്ള സഹായം |
| | (5) വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം |
| 2 | പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം |
| 3 | വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ.ഇ.സി) |
| 4 | ഭവന നിർമ്മാണം |
| 5 | പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്) |
| 6 | അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി. (പുതുക്കിയ എ.റ്റി.എസ്.പി ഫണ്ട്/ പ്രത്യേക പാക്കേജ്) |
| | അടിസ്ഥാന സൗകര്യങ്ങൾ |
| | എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലിനുള്ള വേതനം. |
| | ആരോഗ്യം |
| | 2013-14 മുതൽ വകുപ്പ് നടപ്പിലാക്കിയിരുന്ന ഹാംലെറ്റ് ഡെവലപ്മെന്റ് സ്കീമിന്റെ സ്പിൽഓവർ പണികൾക്കുള്ള തുക ഈ പദ്ധതിയിൽ നിന്ന് ചെലവാക്കുന്നതാണ്. |
| | പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി |
| 7 | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം) |
| 8 | പൂൾഡ് ഫണ്ട് - പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റ് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫ് |
| 9 | എ). മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനുള്ള ചെലവുകൾ. |
| 10 | പട്ടികവർഗ്ഗ വിഭാഗത്തന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ |
| | *പ്രാക്തനാ ഗോത്രവർഗ്ഗക്കാർക്ക് പെരിപ്പതറ്റിക് വിദ്യാഭ്യാസം* |
| | *വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി* |
| | *ഗോത്ര സാരഥി* |
| | *സാമൂഹിക പഠനമുറി ആദിവാസി സങ്കേതങ്ങളിൽ സാമൂഹ്യ പഠനമുറി ( പുതിയ ഘടകം)* |
| 11 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ |

| | |
|---|---|
| . | പ്രീമെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ |
| 12 | സമഗ്ര പട്ടികവർഗ്ഗ ആരോഗ്യസംരക്ഷണം |
| | ആർട്ടിക്കിൾ 275(1) പ്രകാരമുള്ള പദ്ധതികൾ |
| 13 | ഭക്ഷണത്തിനു ളള സഹായ/സുരക്ഷക്കുള്ള പരിപാടി |
| 14 | പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യവികസന പരിശീല നത്തിനുമുളള സഹായം |
| 15 | ട്രൈബൽ പ്രൊമോട്ടർമാർക്കുളള ഓണറേറിയം |
| | 1. ട്രൈബൽ പ്രൊമോട്ടർമാർ |
| | 2. ഊരുകൂട്ടങ്ങളുടെ സംഘാടനം |
| | 3. മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കുമു ളള ഓണറേറിയം. |
| | 4. ഹോസ്റ്റലുകളിലുംഎം.ആർഎസ്സിലുമുള്ള കൗൺസിലർമാർക്ക് ഓണറേറിയം. |
| | 5. പട്ടികവർഗ്ഗ ക്ഷേമത്തിനുവേ സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപ യോഗപ്പെടുത്തൽ. |
| | ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം |
| 16 | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുളള സഹായം |
| | 1. പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം |
| | 2. സിക്കിൾ-സെൽ അനീമിയ രോഗികൾക്കുളള സഹായം |
| | 3. ജനനി ജന്മരക്ഷ |
| | 4. പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുളള സാമ്പത്തിക സഹായം |
| | 5. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി (ഗോത്ര വാത്സല്യ നിധി) |
| 17 | 1. അടിയൻ, പണിയൻ, പ്രാക്തനാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുളള പ്രത്യേക പരിപാടി |
| | 1 അടിയൻ, പണിയൻ,പ്രാക്തനാഗോത്രവർഗ്ഗ വിഭാഗം |
| | വനത്തിനുളളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം. |
| | അഗതി മന്ദിരം |
| 18 | 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുന:സ്ഥാപിച്ച് നൽകലും നിയമം നടപ്പാ ക്കലും. |
| 19 | ആദികലാഗ്രാമം |
| 20 | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടകീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം സംസ്ഥാന വിഹിതം) |
| | എ) പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുക ളുടെയും നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹി തം) |
| | ബി) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം 50 ശതമാ നം) |

| | |
|---|---|
| 21 | സി) കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (സംസ്ഥാന വിഹിതം 50 ശതമാനം) |
| 22 | ഡി). കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി (51 ശതമാനം സംസ്ഥാന വിഹിതം) |
| 23 | ഇ) അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം) |
| 24 | പട്ടികവർഗ്ഗ ഉപപദ്ധതി-തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ |
| 25 | ഗ്രാമവികസന പരിപാടികൾ |
| | 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ( പി. എം. എ. വൈ) |
| | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷ) ( 60 ശതമാനം കേന്ദ്ര വിഹിതം) |
| | 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ |
| 26 | പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം |
| 27 | പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ:- |
| 28 | 9-ാംക്ലാസ്സിലും 10-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ (100 ശതമാനം കേന്ദ്ര സഹായ പദ്ധതി) |
| 29 | പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (100 ശതമാനം കേന്ദ്ര സഹായം ) |
| 30 | മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്ര സഹായം ആർട്ടിക്കിൾ 275(1) പ്രകാരം ) :- |
| 31 | ആർട്ടിക്കിൾ 275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം(2006)നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ ) |
| 32 | പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം :- |
| 33 | പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ |
| 34 | പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർന്നുള്ള പദ്ധതി (സി.സി.ഡി പദ്ധതി). |
| 35 | കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ |
| 36 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം |
| 37 | പട്ടികവർഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ :- |
| 38 | വനബന്ധു കല്ല്യാൺ യോജന |
| | 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ |
| 39 | ഗ്രാമവികസന പരിപാടികൾ |
| | 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ( പി. എം. എ. വൈ) |
| | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷ) ( 60 ശതമാനം കേന്ദ്ര വിഹിതം) |

| | |
|---|---|
| | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടക്കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| 40 | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുക ളുടെയും നിർമ്മാണം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം ((50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| 41 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| 42 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി(49 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം)) |
| 43 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |

പട്ടികവർഗ്ഗക്കാർക്ക് പൊതുവേയുള്ള പദ്ധതികൾ കൂടാതെ പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാർക്ക് അടിയ പണിയ പാക്കേജ് പദ്ധതി , SCA to TSP പദ്ധതി, കോർപ്പസ് ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി പ്രത്യേക പദ്ധതികളും നടപ്പിലാക്കുന്നു.

അടിയ പണിയ പാക്കേജ് പദ്ധതിയിലുൾപ്പെടുത്തി പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാർക്കുള്ള വീടുകളുടെ നിർമ്മാണവും , SCA to TSP പദ്ധതി, കോർപ്പസ് ഫണ്ട് എന്നിവ മുഖേനയുള്ള പദ്ധതികൾ പ്രകാരം പണിയായുധങ്ങളുടെ വിതരണം , പഠനോപകരണ വിതരണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, ഗൃഹോപകരണ നിർമ്മാണം, കരകൗശല നിർമ്മാണം തുടങ്ങിയവക്കുള്ള സാമ്പത്തികസഹായം , കുടിവെള്ള പദ്ധതികൾ, വിദൂര പ്രാക്തന ഗോത്ര വർഗ്ഗ സങ്കേതങ്ങളിലേക്കുള്ള റോഡ്, പാലം എന്നിവയുടെ നിർമ്മാണവും നവീകരണവും, വൈദ്യുതീകരണ പദ്ധതികൾ, അവിവാഹിതരായിട്ടുള്ള അമ്മമാർക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിനുള്ള ധനസഹായം, വിദ്യാർത്ഥികൾക്ക് തയ്യൽ പരിശീലനം, എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

---

സെക്ഷൻ ഓഫീസർ